## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1271 02/05/2017-ൽ മറുപടിയ്ക്ക്
### സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി എത്ര വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്; | (എ) | അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ ഭൂരഹിത ഭവനരഹിതർക്ക് വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിനും നിലവിലുള്ള ഭവനം വാസയോഗ്യമാക്കുന്നതിനുമായി ട്ടാണ് സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയ്ക്ക് (ലൈഫ്) രൂപം നൽകിയിട്ടുള്ളത്. |
| (ബി) | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുന്നതിനായി എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്? | (ബി) | സംസ്ഥാനത്തെ എല്ലാ ഭൂരഹിത ഭവനരഹിതർക്കും സ്വന്തമായി വാസ യോഗ്യമായ ഭവനം ലഭ്യമാക്കു കയാണ് പദ്ധതി യുടെ ലക്ഷ്യം.<br>ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മുൻഗണനാക്രമം താഴെപറയുന്നു.<br>1. മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ<br>2. അഗതികൾ<br>3. അംഗവൈകല്യമുള്ളവർ (40% -ന് മുകളിൽ)<br>4. ഭിന്നലിംഗക്കാർ<br>5. ഗുരുതര/മാരകരോഗമുള്ളവർ<br>6. അവിവാഹിതരായ അമ്മമാർ<br>7. രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ<br>8. വിധവകൾ |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ ഒന്നോ അതിലധികമോ ക്ലേശഘടകങ്ങൾ ഉള്ള കുടുംബങ്ങൾക്കും (റേഷൻ കാർഡ് അടിസ്ഥാനത്തിൽ), Kerala State AIDS Control Society യിൽ നിന്ന് ലഭ്യമായ ലിസ്റ്റ് പ്രകാരം HIV +ve ആയ അംഗങ്ങൾ ഉള്ള ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കും ആദ്യഘട്ടത്തിൽ മുൻഗണന നൽകാൻ തീരുമാനമായിട്ടുണ്ട്.<br>ഗുണഭോക്തൃ പരിശോധനയ്ക്കുള്ള മാർഗ്ഗരേഖ അംഗീകരിച്ച് കൊണ്ട് 9/2/2017 - ലെ സ.ഉ. (സാധാ) നം. 391/17/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ